# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2794** **06.11.2019 ലെ മറുപടി**

## ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന് :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കാസർഗോഡ് ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) കാസർഗോഡ് ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ സിവിൽ പ്രവൃത്തികളുടെ നിർമ്മാണം 82% പൂർത്തീകരിച്ചു. മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി തുടങ്ങിയത് എപ്പോഴാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (ബി) ഒറിജിനൽ പ്രവൃത്തി 2005-ൽ ആണ് തുടങ്ങിയത്. ഇപ്പോൾ ചെയ്യുന്ന പ്രവൃത്തി നേരത്തേ ചെയ്ത വർക്കിന്റെ ബാക്കി പ്രവൃത്തിയായിട്ടാണ് നടപ്പിലാക്കുന്നത്. 2020 ഏപ്രിലിൽ പൂർത്തീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ഈ പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണെന്നും ഇതിനകം എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ; | (സി) ഇതിനോടകം 438 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ബാലൻസ് വർക്കിന്റെ അടങ്കൽ തുക 2775 ലക്ഷം രൂപയാണ്. ഇതിൽ ഒന്നും തന്നെ നാളിതുവരെ ചെലവഴിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ചാൽ നാടിനും ജനങ്ങൾക്കും ലഭ്യമാകാൻ പോകുന്ന ഗുണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചാൽ ഉപ്പുവെള്ളം കയറുന്നത് തടഞ്ഞ് കാസറഗോഡ് ജില്ലയിലെ കാസറഗോഡ് മുനിസിപ്പാലിറ്റി, മുളിയാർ, ചെങ്കള മധൂർ, മൊഗ്രാൽ, പുത്തൂർ, ചെമ്മനാട് എന്നീ ഗ്രാമപഞ്ചായത്തുകളിലെ 407 ഹെക്ടർ സ്ഥലത്ത് കൃഷിക്കാവശ്യത്തിനുള്ള ജല സേചനത്തിനും ഇതേ പഞ്ചായത്തുകളിലെ ജനങ്ങൾക്കുള്ള കുടിവെള്ളത്തിനും ഉപയോഗി ക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**